## പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
നിയമസഭാ ചോദ്യം നം. *152

13-06-2019 ൽ മറുപടിയ്ക്ക്

## അഗ്നിസുരക്ഷാ സംവിധാനത്തെക്കുറിച്ച് പരിശോധന

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.ഐ.ബി.സതീഷ്<br>ശ്രീ.ജെയിംസ് മാത്യു<br>ശ്രീ.പുരുഷൻ കടലുണ്ടി<br>ശ്രീ.എം.നൗഷാദ് | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| എ) സംസ്ഥാനത്ത് വ്യാപാരശാലകളിൽ ഇടയ്ക്കിടെ ഉണ്ടാകുന്ന വൻ തീപിടിത്തത്തിന്റെ പശ്ചാത്തലത്തിൽ വ്യാപാര സ്ഥാപനങ്ങളിലെയും മറ്റ് ബഹുനില കെട്ടിടങ്ങളിലെയും അഗ്നിസുരക്ഷാ സംവിധാനത്തെക്കുറിച്ച് പരിശോധന നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ; | എ) ഉണ്ട്. അതോടൊപ്പം പരമ്പരാഗത പ്രവർത്തന രീതിയിൽ നിന്നും വ്യത്യസ്തമായി അഗ്നിപ്രതിരോധ നടപടികൾക്ക് പ്രാധാന്യം നൽകിക്കൊണ്ട് അഗ്നിബാധകൾ ഒഴിവാക്കുന്നതിനും തീപിടുത്തമുണ്ടാകുന്നപക്ഷം അഗ്നിശമന സംവിധാനങ്ങളുടെ പര്യാപ്തത ഉറപ്പുവരുത്തുന്നതിനുമായി വ്യാപാരശാലകൾ, ഉയർന്ന മന്ദിരങ്ങൾ, ആശുപത്രി പോലെയുള്ള സ്ഥാപനങ്ങൾ, സിനിമാ തീയറ്ററുകൾ തുടങ്ങി വിവിധ കെട്ടിടങ്ങളിൽ പരിശോധനകൾ നടത്തുകയും അവിടത്തെ സുരക്ഷാ ജീവനക്കാർക്കും താമസക്കാർക്കും മറ്റും സുരക്ഷ സംബന്ധിച്ച ബോധവൽക്കരണവും പരിശീലനവും നൽകിവരുന്നുണ്ട്. |
| ബി) ഫയർ ഓഡിറ്റിംഗിന്റെ ഭാഗമായി സംസ്ഥാനത്ത് വിവിധ ഭാഗങ്ങളിൽ നടത്തിയ പരിശോധനയിൽ ഭൂരിഭാഗം കെട്ടിടങ്ങളിലും മതിയായ അഗ്നിസുരക്ഷാ സംവിധാനമില്ലെന്ന് കണ്ടെത്തിയിരുന്നോ; എങ്കിൽ തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ടോ; അറിയിക്കാമോ; | ബി) ഇതിനകം പരിശോധന നടത്തിയ 8611 കെട്ടിടങ്ങളിൽ 4095 കെട്ടിടങ്ങളിലും മതിയായ അഗ്നിശമന സുരക്ഷാ സംവിധാനങ്ങളില്ലെന്ന് കണ്ടെത്തിയിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ കെട്ടിട ഉടമകൾക്ക് നോട്ടീസ് നൽകുകയും അപാകതകൾ പരിഹരിച്ചിട്ടുണ്ടോ എന്നറിയുന്നതിന് രണ്ടാംഘട്ട പരിശോധനകൾ ആരംഭിക്കുകയും ചെയ്തു. സംവിധാനങ്ങൾ ഒരുക്കാത്ത സ്ഥാപനങ്ങൾക്കെതിരെ നടപടികൾ സ്വീകരിക്കുന്നതിനായി ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെയും |

ജില്ലാ ദുരന്തനിവാരണ അതോറിറ്റിയെയും അറിയിച്ചിട്ടുണ്ട്.

സി) അഗ്നിശമന രക്ഷാസേനയുടെ പ്രവർത്തനം ശാക്തീകരിക്കാൻ സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണ്; വ്യക്തമാക്കുമോ;

സി) അഗ്നിരക്ഷാ വകുപ്പിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി ജില്ലാതല സംവിധാനം ശക്തിപ്പെടുത്തേണ്ടതുണ്ട്. ദുരന്ത നിവാരണരംഗത്ത് പൊതു ജനങ്ങളുടെ പങ്കാളിത്തം ഉറപ്പു വരുത്തുന്നതിനായി കമ്മ്യൂണിറ്റി റെസ്ക്യൂ വോളണ്ടിയർമാരുടെ സേവനം വകുപ്പ് ഉപയോഗപ്പെടുത്തി വരുന്നു.

ഡോക്ടർമാർ, എഞ്ചിനീയർമാർ, അധ്യാപകർ, പാരാമെഡിക്കൽ സർവ്വീസിൽ നിന്ന് വിരമിച്ചവർ, പ്രത്യേക മേഖലയിൽ കഴിവുള്ളവർ, സ്റ്റുഡന്റ് പോലീസ് കേഡറ്റുകൾ, എൻ.എസ്.എസ്. വോളണ്ടിയർമാർ എന്നിങ്ങനെ നാനാമേഖലയിൽ നിന്നുള്ളവരുടെ സേവനം അപകട ഘട്ടങ്ങളിൽ ഉപയോഗപ്പെടുത്താൻ കഴിയും. ഇതിനായി കേരള സാമൂഹ്യാധിഷ്ഠിത ദുരന്ത പ്രതികരണ സേന (സിവിൽ ഡിഫൻസ് ഫോഴ്സ്) രൂപീകരിക്കുന്ന കാര്യം സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

ആധുനികവൽക്കരണത്തിനായി 2015-16 സാമ്പത്തിക വർഷത്തിൽ 28 കോടി രൂപയായിരുന്ന പദ്ധതി വിഹിതം 2018-19 ൽ 65 കോടി രൂപയായി ഉയർത്തി. 2019-20 ൽ ഇത് 70 കോടി രൂപയാണ്.

രക്ഷാപ്രവർത്തനങ്ങൾക്കാവശ്യമായ അത്യാധുനിക ഉപകരണങ്ങൾ വകുപ്പിന് ഇതിനകം ലഭ്യമാക്കിയിട്ടുണ്ട്. ജലാശയ അപകടങ്ങളിലെ രക്ഷാപ്രവർത്തനങ്ങൾക്കുതകുംവിധം ഫോർട്ട് കൊച്ചി കേന്ദ്രീകരിച്ച് അഡ്വാൻസ്ഡ് വാട്ടർ റെസ്ക്യൂ ട്രെയിനിംഗ് സെന്റർ, വലിയ അപകടങ്ങളിലെ രക്ഷാപ്രവർത്തനങ്ങൾ വേഗത്തിലാക്കുന്നതിന് ഒരു സ്പെഷ്യൽ ടാസ്ക് ഫോഴ്സ് എന്നിവയും സർക്കാരിന്റെ പരിഗണനയിലുണ്ട്. ഇതിനു പുറമേ ഉയരമുള്ള കെട്ടിടങ്ങളിൽ രക്ഷാ

| | | | |
|---|---|---|---|
| | | | പ്രവർത്തനങ്ങൾ നടത്തുന്നതിന് ടേൺ ടേബിൾ ലാഡർ വാങ്ങുന്ന നടപടികളും പുരോഗമിച്ചു വരുന്നു. |
| ഡി) | അഗ്നിസുരക്ഷയുമായി ബന്ധപ്പെട്ട് നാഷണൽ ബിൽഡിംഗ് കോഡ് അനുശാസിക്കുന്ന വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ ഫയർഫോഴ്സ് ആക്ട് പരിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ? | ഡി) | കേരള മുനിസിപ്പൽ ബിൽഡിംഗ് റൂൾസ് പ്രകാരമുള്ള വ്യവസ്ഥകളും നാഷണൽ ബിൽഡിംഗ് കോഡിലെ ആവശ്യമായ വ്യവസ്ഥകളും ഉൾപ്പെടുത്തി കാര്യക്ഷമമായ അഗ്നിരക്ഷാ സേവന നിയമം നടപ്പാക്കുന്നതിനുള്ള നടപടി കൈക്കൊണ്ടു വരുന്നു. |

സെക്ഷൻ ഓഫീസർ